**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 2881 10/05/2017-ൽ മറുപടിക്ക്

## തീരപ്രദേശങ്ങളിലുള്ള ഭവനനിർമ്മാണത്തിന് നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. എൽദോ എബ്രഹാം** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | 2011-ലെ കേന്ദ്ര തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് തീര പ്രദേശങ്ങളിലുള്ള ഭവനനിർമ്മാണത്തിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (എ) | 2011 ലെ പുതുക്കിയ തീരദേശ നിയന്ത്രണ വിജ്ഞാപനപ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററും, കടലിൽ നിന്ന് വേലിയേറ്റ സ്വാധീനമുള്ള പുഴകൾ, കായലുകൾ എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും പരമാവധി 100 മീറ്ററും തീരദേശ നിയന്ത്രണ മേഖലയിൽപ്പെടുന്നു. ഈ നിയന്ത്രണ മേഖലയെ CRZ I, CRZ II, CRZ III, CRZ IV സോണുകളായി തിരിച്ച് വ്യത്യസ്തമായ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. CRZ III സോണിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെ നിരോധിത മേഖലായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും 100 മീറ്ററിനും 200 മീറ്ററിനുമിടയിൽ തദ്ദേശവാസികൾക്കും, മത്സ്യത്തൊഴിലാളികൾക്കും വീടുകൾ പണിയാൻ തീരദേശ പരിപാലന അതോറിറ്റി അനുമതി നൽകി വരുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനും, 500 മീറ്ററിനും ഇടയിൽ ഗാർഹികാവശ്യത്തിനായി അനുമതി ലഭിക്കുന്നതാണ്. CRZ II മേഖലയിൽ |

| | | | |
|---|---|---|---|
| | | | അംഗീകൃതമായ റോഡോ, കെട്ടിടങ്ങളോ നിൽക്കുന്നതിന്റെ കരവശത്തേക്ക് നിർമ്മാണം അനുവദിക്കുന്നുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഇളവ് നൽകുന്നതിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | തദ്ദേശവാസികൾക്കും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും വീട് വയ്ക്കാനുള്ള നിബന്ധനകളിൽ ഇളവ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. ശൈലേഷ് നായിക് സമിതി ഇക്കാര്യങ്ങൾ പഠിച്ച് ഇളവുകൾ നൽകുന്നതിനായി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ നിയോഗിച്ച ഡോ.ശൈലേഷ് നായക് കമ്മിറ്റി റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് ഇളവ് നൽകുന്നതിനായി നടത്തിയിട്ടുള്ള പ്രധാന ശിപാർശകൾ വ്യക്തമാക്കുമോ; ആയത് കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് അനുകൂലമാണോ; വിശദമാക്കുമോ? | (സി) | റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ടി പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ